**14-ാം കേരള നിയമ സഭ**

**9-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.11** 23/01/2018 -ൽ മറുപടിയ്ക്ക്

# ദേശീയ മെഡിക്കൽ കമ്മീഷൻ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ. ബാബു**<br>**ശ്രീ. കെ. സുരേഷ് കുറുപ്പ്**<br>**ശ്രീ. പി.ടി.എ റഹിം**<br>**ശ്രീ. മുരളി പെരുനെല്ലി** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും, സാമൂഹിക നീതിയും വകുപ്പ് മന്ത്രി)** |
| (എ) മെഡിക്കൽ കൗൺസിലിന് പകരം ദേശീയ മെഡിക്കൽ കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള നാഷണൽ മെഡിക്കൽ കമ്മീഷൻ ബില്ലിന്റെ ഉള്ളടക്കം പരിശോധിച്ചിരുന്നോ; സംസ്ഥാനത്തെ ആരോഗ്യ രംഗത്ത് ഹിതകരമല്ലാത്ത പ്രത്യാഘാതം ഉണ്ടാക്കാനിടയുള്ള വ്യവസ്ഥകൾ ഭേദഗതി വരുത്തുകയോ ഒഴിവാക്കുകയോ ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ;<br><br>(ബി) ഉദ്യോഗസ്ഥ സ്വഭാവം മാത്രമുള്ള കമ്മീഷനിൽ സംസ്ഥാനങ്ങളുടെ താല്പര്യം പരിരക്ഷിക്കുന്നതിന് ആവശ്യമായ മാറ്റത്തെക്കുറിച്ച് നിർദ്ദേശം നൽകുന്ന കാര്യം പരിശോധിക്കുമോ;<br><br>(സി) മറ്റ് വൈദ്യശാസ്ത്ര സമ്പ്രദായം പഠിച്ച് ചികിത്സകരായിരിക്കുന്നവർക്ക് അലോപ്പതി സമ്പ്രദായ പ്രകാരമുള്ള ചികിത്സ അനുവർത്തിക്കാൻ അനുമതി നൽകുന്ന അശാസ്ത്രീയ രീതിയോട് വിയോജിപ്പ് അറിയിക്കുമോ? | (എ), (ബി) & (സി) 2017-ലെ ദേശീയ മെഡിക്കൽ കമ്മീഷൻ ബില്ലിന്റെ ഉള്ളടക്കം പരിശോധിച്ച് വരുന്നു. സംസ്ഥാനത്തെ ആരോഗ്യരംഗത്തെ പ്രതികൂലമായി ബാധിക്കുന്ന വ്യവസ്ഥകൾ സംബന്ധിച്ച അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിക്കുന്നതാണ്. ട്രാവൻകൂർ- കൊച്ചിൻ മെഡിക്കൽ കൗൺസിൽ പ്രസ്തുത ബില്ലിന്റെ ഉള്ളടക്കം പരിശോധിക്കുകയും ബില്ലിന്റെ വ്യവസ്ഥകളോടുള്ള കൗൺസിലിന്റെ വിയോജിപ്പ് ബന്ധപ്പെട്ടവരെ അറിയിക്കാനും തീരുമാനിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ